ഉത്തരം

(എ) 1984 മാർച്ച് മാസം.

(ബി) സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഒരു കമ്മീഷനെ നിയമിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടണമെന്നുള്ള ഒരു പ്രമേയം പാസ്സാക്കിയിരുന്നു.

(സി) അക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

50 (1264) കണ്ണൂർ യൂണിവേഴ്സിറ്റിയിൽ പ്രീഡിഗ്രിക്ക് പ്രൈവറ്റായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ യൂണിവേഴ്സിറ്റിയിൽ പ്രീഡിഗ്രി പ്രൈവറ്റായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത യൂണിവേഴ്സിറ്റിയുടെ പരിധിയിൽ വരുന്ന വിദ്യാർത്ഥികൾക്ക് പ്രീഡിഗ്രി പ്രൈവറ്റായി രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ വർഷംവരെ ഇക്കാര്യത്തിലുണ്ടായിരുന്ന സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ഡി) കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ഇതിനുള്ള സംവിധാനം ഉണ്ടാകുന്നതുവരെ കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തു പഠിക്കാവുന്നതാണ്.

(സി) ഈ സംവിധാനം കഴിഞ്ഞ വർഷവും നിലവിലുണ്ടായിരുന്നു.

(ഡി) പ്രസ്തുത സൗകര്യം നിലവിലുണ്ട്.

51 (1265) പുതിയ കോളേജുകൾ തുടങ്ങാൻ നടപടി

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ പുതിയ കോളേജുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അടുത്ത അദ്ധ്യയനവർഷത്തിൽ എവിടെയെല്ലാം തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) തൃത്താല കപ്പൂർ പഞ്ചായത്തിലെ പറക്കുളത്ത് കോളേജ് തുടങ്ങണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇതിൻമേൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടിട്ടുള്ള തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പ്രൊഫഷണൽ കോളേജുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. സ്ഥലം കൃത്യമായി നിശ്ചയിച്ചിട്ടില്ല. ആർട്സ് ആന്റ് സയൻസ് കോളേജുകൾ തുടങ്ങുന്ന കാര്യം ആലോചിച്ചിട്ടില്ല.

(സി) സർവ്വകലാശാലയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(ഡി) ഉദിക്കുന്നില്ല.

52 (1266) കൊയിലാണ്ടിയിലെ സംസ്കൃത സർവ്വകലാശാല സെന്റർ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിലെ സംസ്കൃത സർവ്വകലാശാല സെന്ററിനു വേണ്ടി എത്ര ഏക്കർ സ്ഥലമെടുക്കാനാണ് അഡ്വാൻസ് കൊടുത്തതെന്ന് അറിയിക്കുമോ;

(ബി) എത്ര തുക അഡ്വാൻസ് നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തീകരിച്ചോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 19.28 ഏക്കർ സ്ഥലം എടുക്കുവാനാണ് അഡ്വാൻസ് കൊടുത്തത്.

(ബി) 20 ലക്ഷം രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്.

(സി) നടപടി പൂർത്തിയായിട്ടില്ല, സ്ഥലം രജിസ്റ്ററാക്കി തരേണ്ട ചില അവകാശികൾ കൊയിലാണ്ടി സബ്കോടതിയിൽ അന്യായം ഫയൽ ചെയ്തിരിക്കുകയാണ്. അഡ്വാൻസ് കൊടുത്ത തുക തിരികെ ലഭിക്കുവാൻ (യൂണിവേഴ്സിറ്റിയും) കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് യൂണിവേഴ്സിറ്റി റിപ്പോർട്ട് ചെയ്യുന്നു.

53 (1267) അനദ്ധ്യാപക ജീവനക്കാർക്ക് ശമ്പളം പരിഷ്കരിക്കുവാൻ നടപടി

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. സ്കീമിൽപ്പെടുത്തി പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ ഈ സ്കീം അനുസരിച്ച് അധികജോലി അനദ്ധ്യാപക ജീവനക്കാർക്കും ഉണ്ടാക്കുന്നതിനാൽ അനദ്ധ്യാപകജീവനക്കാർക്കും ശമ്പളം പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly